# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5/1239/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/12/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5/1239/2025 തീയ്യതി: 04/12/2025

**ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2024 മുതൽ 12-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജേഷ് സി.ഹരിബാൽ | ഡെപ്യൂട്ടി ഡയറക്ടർ | 13-10-2025 | 18-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-10-2025 | 18-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ടി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അലി എ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.റ്റി.മോഹൻദാസ് | പ്രസിഡന്റ് | 01-04-2024 | 14-06-2024 |

| | | | |
|---|---|---|---|
| ശ്രീ.പി.റ്റി.തങ്കച്ചൻ | പ്രസിഡന്റ് | 15-06-2024 | 31-03-2025 |
| ശ്രീ.സുരേഷ് ബാബു ജി.എസ്. | സെക്രട്ടറി | 01-04-2024 | 31-03-2025 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സെബാസ്റ്റ്യൻ ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-08-2024 |
| ശ്രീ.തോമസ് വി.കുരുവിള | അസിസ്റ്റന്റ് സെക്രട്ടറി | 31-08-2024 | 31-03-2025 |
| ഡോ.ജോബി ജോസഫ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ.അശ്വതി ജെ. | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 01-04-2024 | 31-03-2025 |
| ശ്രീ.സുധർശൻ കെ. | വി.ഇ.ഒ. | 01-04-2024 | 31-05-2025 |
| ഡോ.ക്ലാപ്പ് ആന്റോ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.സുധീർ ബി. | അസിസ്റ്റ് എൻജിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജോമോൾ കെ.ജി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 08-04-2024 |

| | | | |
|---|---|---|---|
| ശ്രീ.രേഷ്മമോൾ പി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-04-2024 | 16-08-2024 |
| ശ്രീമതി.സീന വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 17-08-2024 | 31-03-2025 |
| ശ്രീമതി.ജാസ്മിൻ സി.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 12-08-2024 |
| ശ്രീ.വൈശാഖ് വി.എൽ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-08-2024 | 31-03-2025 |
| ശ്രീമതി. റാണി സി. | ഹെഡ്മിസ്ട്രസ് | 01-04-2024 | 13-06-2024 |
| ശ്രീമതി.മേഴ്സി സി.എം. | ഹെഡ്മിസ്ട്രസ് | 14-06-2024 | 31-03-2025 |
| ശ്രീ.അലൻ ജോളി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2024 | 19-04-2024 |
| ശ്രീ.ഹുബൈബ് ഹസ്സൻ | കൃഷി ഓഫീസർ | 20-04-2024 | 16-12-2024 |
| ശ്രീ.അലൻ ജോളി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 17-12-2024 | 28-12-2024 |
| ശ്രീ.ബേസിൽ പ.മർക്കോസ് | കൃഷി ഓഫീസർ | 29-12-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാനരേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല | 1-1-4 |
| 6 | വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | തനത് വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല | 1-1-7 |
| 9 | ക്യാപ്പിറ്റൽ വർക്ക് - ഇൻ - പ്രോഗ്രസ് - പാർട്ടി ബിൽത്തുകകൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ എന്നിവ യഥാസമയം ക്രമീകരിക്കുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തികവിശകലനം | 1-3 |

| | | |
|---|---|---|
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപെൻഷനുകൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ലൈഫ് ഭവനപദ്ധതി വായ്പ - ബാങ്ക് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു. | 1-10 |
| 20 | റിസോർട്ടുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 21 | ഹോംസ്റ്റേകൾ, സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 22 | സിപ്പ് ലൈൻ - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 23 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല - ₹1,60,683/- തടസ്സപ്പെടുത്തുന്നു | 1-14 |
| 24 | തെരുവ് വിളക്ക് മെയിന്ററനൻസ് - സാധനസാമഗ്രികൾ വാങ്ങിയതിൽ അപാകങ്ങൾ - ₹8,99,400/- തടസ്സപ്പെടുത്തുന്നു | 1-15 |
| 25 | സർക്കാരിന്റെ അനുമതി ഇല്ലാതെ ഗ്രീൻ ചെക്ക് പോസ്റ്റ് സ്ഥാപിച്ചു | 1-16 |
| 26 | വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ വാങ്ങൽ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ. | 1-17 |
| 27 | ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ - മോർഡിലെ സ്പെസിഫിക്കേഷൻ ഉപയോഗപ്പെടുത്താതിനാൽ അധികം ചെലവഴിച്ചു | 1-18 |

| | | |
|---|---|---|
| 28 | ജൽജീവൻ മിഷൻ - അവലോകനം | 1-19 |
| 29 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരം | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പയുടെ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാന്തല്ലൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 മാർച്ച് 31 - ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 – ലെ ആസ്തിബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യപത്രികകളും പ്രസ്തുത ധനകാര്യപത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.07.2025 – ലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02.08.2025 – ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷികധനകാര്യപത്രികകളും അനുബന്ധഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തികനിലയും 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാനസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷികധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷികധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാന്തല്ലൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തേയ്ക്കുള്ള വാർഷികധനകാര്യപത്രികകൾ 31.03.2025 – ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തികഇടപാടുകളുടെയും 31.03.2025 – ലെ സാമ്പത്തികനിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
04.12.2025

ഡെപ്യൂട്ടി ഡയറക്ടർ

**<u>1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല</u>**

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ, പ്രകാരം വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**<u>1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല</u>**

ക്യഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**<u>1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാനരേഖകളും വിശദീകരണവും ലഭ്യമല്ല</u>**

06.07.2011 - ലെ സ.ഉ.(കൈ.)നം.152/2011/ത.സ്വ.ഭ.വ. - ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷികകണക്കിൽ നിശ്ചിതശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

**1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല**

ഇൻകം &എക്‌പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഐ – 17A പ്രകാരം, ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ ഉൾപ്പെടെ ജേണൽ പ്രകാരം, വാർഷികകണക്കിൽ ഉൾപ്പെടുത്തുന്ന തുകകൾക്ക് ഉപോൽബലകമായി അംഗീകരിക്കപ്പെട്ട ജേണൽ വൗച്ചറുകളോ വർക്ക് ഷീറ്റുകളോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-5 വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.**

പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ രജിസ്റ്ററിൽ, വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ വാർഷികകണക്കിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-6 തനത് വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽ എൻട്രികൾ നൽകുന്നില്ല. അക്രൂ ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്.

## 1-1-7 പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി - 4 – ലെ, താഴെ പറയുന്ന തുകകൾ എവിടെ നിന്ന്, എന്ത് ആവശ്യത്തിന് ലഭിച്ചതാണെന്നും നിലവിലുള്ള നീക്കിയിരിപ്പ് തുക ഏത് ബാങ്ക്/ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നുമുള്ള വിവരം ലഭ്യമല്ല. ആയതിനാൽ ഏതെങ്കിലും തുകകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.

| ക്രമ നം. | കോഡ് നം. | ഇനം | തുക (₹) |
|---|---|---|---|
| 1 | 320100105 | കേന്ദ്രസർക്കാർ അവാർഡ് | 2,00,000 |
| 2 | 320100999 | മറ്റ് ബാദ്ധ്യതകൾ | 5,60,290 |
| 3 | 32020399 | പ്രത്യേക ഗ്രാന്റ് – മറ്റ് ഇനം | 30,840 |

## 1-1-8 ക്യാപ്പിറ്റൽ വർക്ക് - ഇൻ - പ്രോഗ്രസ് - പാർട്ടി ബിൽത്തുകകൾ രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷം ഭാഗീകമായി പൂർത്തീകരിച്ചിട്ടുള്ള എട്ട് പ്രവൃത്തിക്ക് പാർട്ട് ബിൽ നൽകിയ ഇനത്തിൽ ₹ 25,02,408/- നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ്, ക്യാപ്പിറ്റൽ വർക്ക് – ഇൻ - പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 ഡേപ്പോസിറ്റുകൾ, മുൻകൂറുകൾ എന്നിവ യഥാസമയം ക്രമീകരിക്കുന്നില്ല

വാർഷികകണക്കിൽ, ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി-18 പ്രകാരം, താഴെ പറയുന്ന ഡെപ്പോസിറ്റ്/മുൻകൂറുകൾ എന്നിവ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | കോഡ് | ഇനം | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 460100101 | Festival Advance | 12,000 |
| 2 | 460100103 | Temporary Advance For Official Purpose | 12,75,204 |
| 3 | 460100199 | Other Advances | 2,20,811 |
| 4 | 460500204 | Deposit With Groud Water Department | 43,984 |
| 5 | 460500205 | Deposit With PWD | 4,98,935 |
| 6 | 460500411 | Advance To Kerala Rural Water Supply And Sanitation Agency | 36,488 |
| 7 | 460500501 | Advance To Implementing Officers | 1,03,285 |
| 8 | 460500601 | Advance To Gramalakshmi Mudralayam | 87,449 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീയതി. 15.10.2025) മറുപടി നൽകിയില്ല. മേൽ തുകകൾ ക്രമീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2024-2025 സാമ്പത്തികവർഷത്തെ ബജറ്റ് ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ചു.

| | 2024-2025 – ലെ ബജറ്റ് | 2024-2025 – ലെ പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 16.02.2024 – ലെ 2(1) നമ്പർ തീരുമാനം | 07.03.2025 – ലെ 2(1) നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 05.03.2024 – ലെ 1(1) നമ്പർ തീരുമാനം | 10.03.2025 – ലെ 11 (1) നമ്പർ തീരുമാനം |
| മുന്നിരിപ്പ് (₹) | 81,45,144 | 52,87,771 |
| വരവ് (₹) | 2,661,74,565 | 25,22,73,886 |
| | | |

| | | |
|---|---|---|
| ആകെ വരവ് (₹) | 27,43,19,709 | 25,75,61,657 |
| ആകെ ചെലവ് (₹) | 27,3,782,665 | 25,37,28,560 |
| നീക്കിയിരിപ്പ് (₹) | 5,37,044 | 38,33,097 |

## 1-3 സാമ്പത്തികവിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 5,38,60,358 |
| വരവ് | 6,76,84,416 |
| ആകെ | 12,15,44,774 |
| ചെലവ് | 5,04,76,395 |
| നീക്കിയിരിപ്പ് | 7,10,68,379 |

(കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 – ലെ റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹)/ അലോട്ട്മെന്റ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹)/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 2,56,83,000 | 256,83,000 | 1,74,29,674 | 82,53,326 |
| വികസനഫണ്ട് – എസ്.സി.പി | 0 | 99,36,000 | 99,36,000 | 79,98,178 | 19,3,7822 |
| വികസനഫണ്ട് – റ്റി.എസ്.പി. | 0 | 75,96,000 | 75,96,000 | 71,51,857 | 4,44,143 |
| സംരക്ഷണഗ്രാന്റ് – നോൺ റോഡ് | 0 | 69,40,000 | 69,40,000 | 53,78,276 | 15,61,724 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 60,89,000 | 60,89,000 | 55,39,719 | 5,49,281 |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (റ്റൈഡ്) | 55,61,306 | 92,59,500 | 1,48,20,806 | 26,46,417 | 1,21,74,389 |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (അൺറ്റൈഡ്) | 19,63,502 | 4,327,389 | 62,90,891 | 35,01,065 | 27,89,826 |
| കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് (ടൈഡ്) ട്രഷറി | 0 | 16,38,012 | 16,38,012 | 16,38,012 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് – പലിശ | 0 | 2,96,577 | 2,96,577 | 0 | 2,96,577 |
| ഐ.സി.ഡി.എസ്. | 30,23,194 | 1,26,066 | 31,49,260 | 10,25,449 | 21,23,811 |
| നാഷണൽ ഹെൽത്ത് മിഷൻ - 320100139 | 5,00,000 | 0 | 5,00,000 | 0 | 5,00,000 |
| അവാർഡ് | 2,00,000 | 0 | 2,00,000 | 0 | 2,00,000 |

| | | | | | |
|---|---|---|---|---|---|
| പട്ടികവർഗ്ഗവികസനം (ക്യാപ്പിറ്റൽ) – 32020214 | 1,37,181 | 0 | 1,37,181 | 0 | 1,37,181 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (ട്രൈബൽ സബ് പ്ളാൻ) (ക്യാപ്പിറ്റൽ) – 320200103 | 1,49,530 | 0 | 1,49,530 | 0 | 1,49,530 |
| സാമൂഹ്യനീതി (ക്യാപ്പിറ്റൽ) | 12,000 | 0 | 12,000 | 0 | 12,000 |
| പശ്ചിമഘട്ടവികസനം | 3,451 | 70 | 3,521 | 0 | 3,521 |
| ശുചിത്വമിഷൻ | 3,97,410 | 6,30,000 | 10,27,410 | 0 | 10,27,410 |
| സാക്ഷരത | 44,910 | 0 | 44,910 | 0 | 44,910 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320200399) – വിമുക്തി | 30,840 | 0 | 30,840 | 0 | 30,840 |
| ലൈഫ് മിഷൻ - (320300199) | 1,19,52,308 | 1,38,20,000 | 2,57,72,308 | 0 | 2,57,72,308 |
| അദർ ലയബലറ്റി - 320100999 | 5,64,290 | 0 | 5,64,290 | 4,000 | 5,60,290 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി. | 3,26,231 | 4,50,807 | 7,77,038 | 3,18,705 | 4,58,333 |
| ഹെൽത്ത് ഗ്രാന്റ് – ഇൻഫ്രാ സ്ട്രക്ച്ചർ | 7,45,074 | 2,79,983 | 10,25,057 | 7,14,752 | 3,10,305 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (ക്യാപിറ്റൽ) – 320800199 | 2,40,405 | 0 | 2,40,405 | 0 | 2,40,405 |
| ശുചിത്വമിഷൻ | 34,902 | 0 | 34,902 | 0 | 34,902 |
| ജലനിധി | 13,73,832 | 47,651 | 14,21,483 | 0 | 14,21,483 |

| | | | | | |
|---|---|---|---|---|---|
| ജീവധാര | 13,36,063 | 53,443 | 13,89,506 | 0 | 13,89,506 |

**ഗ്രാന്റ് പത്രികയിലെ അപാകങ്ങൾ**

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസഫർ ക്രെഡിറ്റ് (₹) | ലൈഫ് മിഷൻ – വായ്പ മുതൽ തിരിച്ചടവ് (₹) | ആകെ (₹) |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 11,38,800 | 40,45,499 | 51,84,299 |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 26,82,205 | 26,82,205 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 35,18,364 | 35,18,364 |
| ആകെ | 11,38,800 | 1,02,46,068 | 1,13,84,868 |

2) കേന്ദ്ര – സംസ്ഥാനസർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

3) 15.07.2021 – ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം, 2021-2022 മുതൽ ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസനഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം, അനുവദിച്ച തുകയുടെ 20

ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. ഓഡിറ്റ് വർഷം വികസനഫണ്ട് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം ₹31,16,726/- ലാപ്സാകും.

| ഫണ്ട് ഇനം | വരവ് (₹) | ചെലവ് (₹) | ചെലവ് (%) | ലാപ്സായ തുക (₹) |
|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 2,56,83,000 | 1,74,29,674 | 67.86 | 311,6,726 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (₹) |
|---|---|---|---|---|---|
| 177 | 23,93,53,071 | 115 | 8,51,90,539 | 62 | 65 |

**നിർവഹണോദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പദ്ധതികൾ (എണ്ണം) | നടപ്പാക്കിയവ (എണ്ണം) | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 9,50,000 | 6,51,720 | 68.60 |
| വെറ്ററിനറി സർജൻ | 3 | 3 | 5,50,000 | 5,27,501 | 95.91 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 13 | 10 | 35,32,451 | 24,99,504 | 70.76 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 6,00,000 | 5,90,079 | 98.35 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 6 | 15,18,40,346 | 3,98,69,264 | 26.26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 70,60,000 | 36,10,320 | 51.14 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 35,00,000 | 11,64,885 | 33.28 |
| സെക്രട്ടറി | 39 | | 2,87,92,978 | 1,58,31,178 | 54.98 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 3 | 34,56,100 | 12,93,650 | 37.43 |
| ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ | 5 | 5 | 9,10,000 | 8,54,247 | 93.87 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 78 | 54 | 3,81,61,196 | 1,82,98,191 | 47.95 |
| ആകെ | 177 | 115 | 23,93,35,071 | 8,51,90,539 | 35.59 |

**കുറിപ്പ്:-** സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത പദ്ധതികളുടെ അടങ്കൽ തുക ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. അവയുടെ ചെലവ് തുക മാത്രമാണ് പ്രതിഫലിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (ഭരണച്ചെലവുകൾ) | 1,884 | 10,38,692 | 10,40,576 | 10,40,506 | 70 |
| | തൊഴിലാളികളുടെ കൂലി | 0 | 4,37,68,000 | 4,37,68,000 | 4,37,68,000 | 0 |

ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണച്ചെലവുകൾ ഇനത്തിലുള്ള വരവ് – ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കിലെ തുക താല്കാലികമായി ഉൾപ്പെടുത്തുന്നു. കണക്കിലെ വ്യതിയാനം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമപെൻഷനുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,68,58,900 | 1106 |
| കർഷകത്തൊഴിലാളി പെൻഷൻ | 5,82,600 | 35 |
| വിധവ പെൻഷൻ | 72,36,000 | 475 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,79,200 | 11 |
| വികലാംഗപെൻഷൻ | 16,74,100 | 110 |

**1-8 ക്യഷ് ബാലൻസ്**

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2025 - ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

**1.ഓഫീസ് സംവിധാനം.**

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലർക്കുമാർ, മൂന്ന് ക്ലർക്കുമാർ, ഓഫീസ് അസിസ്റ്റന്റ്, പാർട്ട് ടൈം സ്വീപ്പർ, കരാറടിസ്ഥാനത്തിലുള്ള 12 ജീവനക്കാർ എന്നിവർ ഉൾപ്പെടുന്നതാണ്

ഓഫീസ് സംവിധാനം. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു. തസ്തിക ഇല്ലാതിരുന്നിട്ടും മൂന്ന് ഫുൾ ടൈം സ്വീപ്പർമാരും ഒരു ഇലക്ട്രീഷനും പഞ്ചായത്തിൽ കരാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ഭൗതികപരിശോധന**

നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതികപരിശോധനയും നടത്തുന്നില്ല. വായ്പ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിക്കുന്നില്ല. മുൻകൂർ രജിസ്റ്റർ, തെരുവുവിളക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

**3.ബജറ്റ്**

വാർഷികപദ്ധതി, ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

**4. വാങ്ങൽ നടപടി ക്രമങ്ങൾ.**

വാങ്ങൽ നടപടി ക്രമങ്ങളിൽ, കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൽ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിന് ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്. ജെം പോർട്ടൽ മുഖേന നടത്തിയ വാങ്ങലുകളിൽ പോലും ആവശ്യമായ സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ നടത്തിയല്ല ടെണ്ടർ നടത്തിയിരിക്കുന്നത്. ടെണ്ടറിൽ ക്വോട്ട് ചെയ്തിരുന്ന ഇനത്തിൽ നിന്നും വ്യത്യസ്ത ഇനം വാങ്ങിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 - ലെ സ.ഉ.(അ)നം.259/2010/ ത.സ്വ.ഭ.വ. – പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ ഇത്തരം നടപടികൾ പാലിക്കുന്നില്ല. തെരുവുവിളക്കുകളുടെ വാങ്ങലുകളിൽ പോലും രണ്ട് തവണയായി രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് നടത്തേണ്ടി വന്നു.

**5.തനതു വരുമാനം**

തൻവർഷം പിരിച്ചെടുക്കേണ്ട ലൈസൻസ് തുകകൾ പോലും കൃത്യമായി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.

റിസോർട്ടുകൾ /ഹോ സ്റ്റേ ഇനത്തിൽ 173 സ്ഥാപനങ്ങളുള്ളതിൽ 73 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാത്തതിനാൽ തനത് വരുമാനം പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. മൂന്നാർ വിനോദസഞ്ചാരമേഖലയിൽ ഉൾപ്പെട്ട പ്രദേശമായിട്ടും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശികസാമ്പത്തികവികസനം നടത്തുന്നതിനും പഞ്ചായത്ത് പ്രത്യേക പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

**6.മോണിട്ടറിംഗ്**

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

**7.ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

**8. ആസ്തി നിയന്ത്രണം.**

2023-2024 – ലെ പ്രത്യേക പദ്ധതി വഴി, ആസ്തികളുടെ വിവരം പൂർണ്ണമാക്കി ഡിജിറ്റലൈസ് ചെയ്തും രജിസ്റ്ററാക്കിയും സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആസ്തിയുടെ വിൽപ്പനയും വാങ്ങലും ആസ്തികളുടെ മൂല്യവർദ്ധനവ്/ ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം അപ്ഡേഷൻ നടത്തുന്നില്ല.

**9. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ.**

പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**10. ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ഗ്രാമപ്പഞ്ചായത്ത് തീരുമാനം**

1997 – ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം 15(2) പ്രകാരം, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**11. മരാമത്ത് പ്രവൃത്തികൾ.**

പദ്ധതികൾ പൂർത്തിയാക്കുന്ന രീതിയൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പദ്ധതികളും സ്പിൽ ഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യവും പഞ്ചായത്തിന്റെ വിസ്തൃതിയും പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. പദ്ധതി ഫോർമാറ്റിൽ ക്രമ നമ്പർ 36 – ൽ ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്താനുള്ളതാണെങ്കിലും അത്തരം രേഖപ്പെടുത്തൽ നടത്തുന്നില്ല.

**1-10 ലൈഫ് ഭവനപദ്ധതി വായ്പ - ബാങ്ക് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു.**

ലൈഫ് ഭവനപദ്ധതിയുടെ ലോൺ അക്കൗണ്ടിൽ ചുവടെ ചേർക്കും പ്രകാരം, 31.03.2025 – ൽ ഭീമമായ തുക വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | 31.03.2025 – ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 38058045262 (കറന്റ് അക്കൗണ്ട്) | എസ്.ബി.ഐ., മറയൂർ | 2,24,45,817 |
| 2 | 423502010015385 | യൂണിയൻ ബാങ്ക്, കാന്തല്ലൂർ | 2,00,06,375 |
| ആകെ | | | 4,24,52,192 |

ഭവനപദ്ധതിക്ക് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കേണ്ട സമയത്ത്, ആവശ്യമായ വായ്പ ബാങ്കിൽ നിന്നും ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് പകരം മുൻകൂറായി വായ്പത്തുക ബാങ്കിൽ നിന്നും ലഭ്യമാക്കി പഞ്ചായത്തിന്റെ ലോൺ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. പദ്ധതിക്കായുള്ള രണ്ട് അക്കൗണ്ടുകളിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ട് പലിശ ലഭിക്കാത്ത കറന്റ് അക്കൗണ്ടാണ്. പലിശ ഒടുക്കേണ്ട ഉയർന്ന വായ്പത്തുക അക്കൗണ്ടിൽ സൂക്ഷിക്കുന്ന രീതി അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 റിസോർട്ടുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം, റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പഞ്ചായത്ത് ലഭ്യമാക്കിയ റിസോർട്ട് ലിസ്റ്റ് പ്രകാരം 173 റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 2024-2025 വർഷത്തെ ലൈസൻസ് അപേക്ഷയും രജിസ്റ്ററും പരിശോധിച്ചതിൽ, ആയതിൽ 73 റിസോർട്ടുകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| LIST OF RESORTS |
|---|
| |

| SL.No. | WARD/BUILDING NUMBER |
|---|---|
| 1 | 2/89/A |
| 2 | 2/166 |
| 3 | 2/191/A |
| 4 | 3/8/A |
| 5 | 3/209/A |
| 6 | 3/218/B |
| 7 | 3/317 |
| 8 | 3/324 |
| 9 | 3/325 |
| 10 | 3/334 |
| 11 | 3/341/A |
| 12 | 4/266 |
| 13 | 4/309 |
| 14 | 5/20/A |

| | |
|---|---|
| 15 | 5/39 |
| 16 | 5/88 |
| 17 | 5/305 |
| 18 | 5/306 |
| 19 | 5/307 |
| 20 | 5/308 |
| 21 | 5/309 |
| 22 | 5/310 |
| 23 | 5/322 |
| 24 | 5/372/A |
| 25 | 7/116 |
| 26 | 7/117 |
| 27 | 7/117/A |
| 28 | 7/117/B |
| 29 | 7/117/C |

| | |
|---|---|
| 30 | 7/117/D |
| 31 | 7/117/E |
| 32 | 7/117/F |
| 33 | 7/117/G |
| 34 | 7/117/H |
| 35 | 7/123/C |
| 36 | 7/129 |
| 37 | 7/243/D |
| 38 | 7/322 |
| 39 | 7/325 |
| 40 | 7/333/A |
| 41 | 7/334 |
| 42 | 7/335 |
| 43 | 8/332 |
| 44 | 9/365 |

| | |
|---|---|
| 45 | 9/381/C |
| 46 | 10/50 |
| 47 | 3/164/B |
| 48 | 3/343/1 |
| 49 | 4/3/B |
| 50 | 4/18/A |
| 51 | 4/18/B |
| 52 | 4/18/C |
| 53 | 4/18/D |
| 54 | 4/18/E |
| 55 | 4/18/F |
| 56 | 4/18/G |
| 57 | 4/18/H |
| 58 | 4/33/C |
| 59 | 4/72/E |

| | |
|---|---|
| 60 | 4/72/F |
| 61 | 4/72/G |
| 62 | 4/72/H |
| 63 | 4/72/J |
| 64 | 4/208/1 |
| 65 | 4/307/1 |
| 66 | 7/129/F |
| 67 | 7/129/G |
| 68 | 7/133/1 |
| 69 | 7/133/2 |
| 70 | 7/133/3 |
| 71 | 7/133/4 |
| 72 | 7/243/E |
| 73 | 7/243/F |
| 74 | 13/336 |

പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റിസോർട്ടുകൾ, ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലൈസൻസ് എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.5/തീയതി. 14.10.2025), ലൈസൻസ് എടുപ്പിക്കാനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായതുകൊണ്ട് തന്നെ ലൈസൻസ് എടുക്കുവാനുള്ള റിസോർട്ട് ഉടമകളെ ലൈസൻസ് എടുപ്പിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 ഹോംസ്റ്റേകൾ, സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം, ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ വിവിധ വാർഡുകളിൽ നിരവധി ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് പഞ്ചായത്ത് ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്ന് വ്യക്തമാകുന്നു. 2024-2025 വർഷത്തെ ലൈസൻസ് അപേക്ഷയും രജിസ്റ്ററും പരിശോധിച്ചതിൽ ലൈസൻസ് കൂടാതെ നിരവധി ഹോംസ്റ്റേകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിടം നമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 2 | 111 | ശ്രീ വിജയരാജ് | റെസ്റ്റോ ഹോംസ്റ്റേ |
| 2 | 109 | ശ്രീ സരൺ രാജ് | ലോഗോസ് ലോഗോ ഹൗസ് |
| 2 | 33 | ശ്രീ ശക്തി വേൽ | ശക്തി വേൽ സ്റ്റോർ |
| 2 | 178 | ശ്രീ മണികണ്ഠൻ നാഗയ്യ | റിവേർ എഡ്ജ് മുഡ് ഹൗസ് |

| | | | |
|---|---|---|---|
| 2 | 314/C | ശ്രീ അബ്ദുൾ കരീം | റോയൽ ഹോം സ്റ്റേ |
| 3 | 343/A | ശ്രീ പിറയ് സുദി പിതൻ | അക്ഷയ ഫ്രൂട്സ് & വെജിറ്റബിൾസ് |
| 3 | 232 | ശ്രീ അഴകാനന്ദ സുരേഷ് | സുനന്ദ സ്റ്റോർ |
| 3 | 300 | ശ്രീ ഒ.ആർ.നിത്യനന്ദൻ | ജ്യോതി സ്റ്റോർ |
| 3 | 305 | ശ്രീ എസ്.രാജേഷ് | മെസ്റ്ററി ശർക്കര യൂണിറ്റ് |
| 3 | 166 | ശ്രീമതി ശോഭ സുബ്രമണ്യൻ | ഗ്രീൻ ആപ്പിൾ ഫാംസ്റ്റേ |
| 3 | 330/A | ശ്രീ മുഹമ്മദ് നൗഫൽ | മൗഡ് വ്യൂ ഹോംസ്റ്റേ |
| 3 | 311 | ശ്രീ മുഹമ്മദ് റിഷാദ് | മിസ്റ്റ് ഗാർഡൻ ഹോംസ്റ്റേ |
| 4 | 289, 290, 291 | ശ്രീ കിരൺ എ. | ലഷ് ഗ്രീൻ ഹോംസ്റ്റേ |
| 4 | 97 | ശ്രീ ഷാജഹാൻ പി.കെ. | മി, സ്റ്റി മാനർ, ജി.എൻ.പുരം, കാന്തല്ലൂർ |
| 4 | 316 | ശ്രീ രാജീവ് കെ. | ബ്ലൂ ലേക്ക്, ജി.എൻ.പുരം, കാന്തല്ലൂർ |
| 4 | 307/A | ശ്രീമതി രാജേശ്വരി | ആ,ർ.ആർ.ആർ. ഹോംസ്റ്റേ, ജി.എൻ.പുരം, കാന്തല്ലൂർ |
| 4 | 278/A | ശ്രീ ജോയി തോമസ് ജോൺ, ശ്രീ ജോസഫ് സാബു, ശ്രീ മോഹൻലാൽ, ശ്രീ സിനോ ജോസഫ് ജോമോൻ | സിൽവർ റോക്ക് ഹോംസ്റ്റേ |
| 5 | 336/B | ശ്രീമതി പ്രീതി സിജോ | മുസിറീസ് വില്ല |
| 5 | 125 | ശ്രീ എസ്.എം.ബാലു | ശ്രീ കൃഷ്ണ സ്റ്റോർ |
| 5 | 29 | ശ്രീ അനീഷ് | ശ്രീ മഹാദേവ സ്റ്റോർ |
| 5 | 41 | ശ്രീ ഗോപാലകൃഷ്ണൻ | സീ വേൾഡ് ടെക്സ്റ്റയിൽസ് & ചപ്പൽസ് |
| 5 | 84/B | ശ്രീമതി ലീല ശശിധരൻ | റീവാത്തിക്കുടി ഹോട്ടൽ |
| 5 | 8 | ശ്രീ എൽ.മുരുഗൻ | എൽ.എം.ബേക്കറി |
| 5 | 11 | ശ്രീ റേനി ദേവസ്യ | എക്സലെന്റ് ഫോട്ടോസ്റ്റാറ്റ് |
| 5 | 10 | ശ്രീമതി മേരി ജോർജ് | ഇരുമ്പൻ സ്റ്റോർ |
| 5 | 11/B | ശ്രീ കെ.ഗണേശൻ | ബ്രദേഴ്സ് ബേക്കറി |
| 5 | 91 | ശ്രീ യേശുരാജ് | രമ്യാ ടൈലേഴ്സ് |

| | | | |
|---|---|---|---|
| 5 | 336/B | ശ്രീമതി പ്രീതി സിജോ | മുസിറീസ് വില്ല |
| 5 | 125 | ശ്രീ എസ്.എം.ബാലു | ശ്രീ കൃഷ്ണ സ്റ്റോർ |
| 5 | 29 | ശ്രീ അനീഷ് | ശ്രീ മഹാദേവ സ്റ്റോർ |
| 5 | 41 | ശ്രീ ഗോപാലകൃഷ്ണൻ | സീ വേൾഡ് ടെക്സ്റ്റയിൽസ് & ചപ്പൽസ് |
| 5 | 84/B | ശ്രീമതി ലീല ശശിധരൻ | റീവാത്തിക്കടി ഹോട്ടൽ |
| 5 | 8 | ശ്രീ എൽ മുരുഗൻ | എൽ എം ബേക്കറി |
| 5 | 11 | ശ്രീ റേനി ദേവസ്യ | എക്സലെന്റ് ഫോട്ടോസ്റ്റാറ്റ് |
| 5 | 10 | ശ്രീമതി മേരി ജോർജ് | ഇരുമ്പൻ സ്റ്റോർ |
| 5 | 11/B | ശ്രീ കെ.ഗണേശൻ | ബ്രഡ്സ് ബേക്കറി |
| 5 | 91 | ശ്രീ യേശുരാജ് | രമ്യാ ടൈലേഴ്സ് |
| 6 | 84/A | ശ്രീമതി യമുനാ മുരുഗേശൻ | വൈൽഡ് ഫ്ലവർ ഹോംസ്റ്റേ |
| 6 | 44/A | ശ്രീ എലൻഗോ എൽ | ഏഷ്യൻ റോസ് വില്ല ഹോംസ്റ്റേ |
| 6 | 29/A | ശ്രീ ജോണി തോമസ് | എസ്കേപ്പ് നാച്ചുറൽ ഫാം റിസോർട്ട് |
| 6 | 63 | ശ്രീ മണികണ്ഠൻ | റിലാക്സ് ഹോംസ്റ്റേ |
| 6 | 32 | ശ്രീമതി പുഷ്പ കനിൽ ദേവൻ | ഫ്ലാമിൻഗോ വാലി മുട് ഹൗസ് |
| 7 | 123/B | ശ്രീ ശബരി ഗിരി വെല്ലിൻഗിരി | കാശ്മീർ വാലി |
| 7 | 311 | ശ്രീ ബെന്നി വി | ഇരുമ്പൻ സ്റ്റോർ |
| 7 | 243/E | ജനറൽ മാനേജർ | ഈസ്റ്റൻ ഹെവൻ റിസോർട്ട് |
| 7 | 243/F | ജനറൽ മാനേജർ | ഈസ്റ്റൻ ഹെവൻ റിസോർട്ട് |
| 9 | 381 | ശ്രീ ഫ്രാസിസ് ഡി | നാച്ചുറൽ ടോൺസ് മുട് ഹൗസ് |
| 10 | 12 | ശ്രീ അൻസോൻ ഡി കുൻഹ | എ എൻ ഫുഡ്സ് |
| 10 | 285 | ശ്രീ സൊമുതയ് | സൊമു സ്റ്റോർ |
| 12 | 12/1 | ശ്രീമതി അരുണാ ദേവി | പ്രവാസ്തി ഹോംസ്റ്റേ |
| 12 | 39 | ശ്രീ ജിജോ ജെയിംസ് | ദി വിൻറ്റേജ് ഹെവൻ പയസ് നഗർ |
| 12 | 155 | ശ്രീമതി ദീപാ മുരുഗൻ | ദീപാ കോൾഡ് സ്റ്റോറേജ് |
| 12 | 29 | ശ്രീ രമേഷ് എ കെ | വൈൽഡ് കാസാ ചൂരക്കുളം |
| 13 | 275 | ശ്രീമതി ഹേമദാസ് | ബെയോൻഡ് ബോദി വിസ്റ്റിലിംഗ് വുഡ്സ് |
| 13 | 211 | ശ്രീ സി.അൻബു ചെലിയൻ | വൈൽഡ് കാസാ ചൂരക്കുളം |

പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ഹോംസ്റ്റേകൾ, സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലൈസൻസ് എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/തീയതി. 15.10.2025), ഹോം സ്റ്റേകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. പഞ്ചായത്തിന്റെ തനത് വരുമാനമാർഗ്ഗമായതിനാൽ ലൈസൻസ് എടുക്കുവാനുള്ള ഹോം സ്റ്റേകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് എടുപ്പിക്കുകയും വിവരം രേഖകൾ സഹിതം അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-13 സിപ്പ് ലൈൻ - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിപ്പിക്കുന്ന സിപ്പ് ലൈനുകളുടെ ലൈസൻസുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീയതി. 15.10.2025) മറുപടി നൽകിയില്ല. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിന്റെ ലൈസൻസോടുകൂടി മാത്രമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ പഞ്ചായത്ത് ഓഫീസിന് സമീപത്ത് പ്രവർത്തിക്കുന്ന സിപ്പ് ലൈനിനുപോലും പഞ്ചായത്തിന്റെ ലൈസൻസില്ല എന്നത് പഞ്ചായത്തിന്റെ പ്രവർത്തനത്തിലെ കെടുകാര്യസ്ഥതയിലേയ്ക്ക് വിരൽചൂണ്ടുന്നു. സിപ്പ് ലൈനുകളുടെ ലൈസൻസ് എടുപ്പിക്കാത്തതുകൊണ്ട് പഞ്ചായത്തിനു ലഭിക്കേണ്ടതായ ലൈസൻസ് ഫീ, എന്റർടൈൻമെന്റ് ഫീ എന്നിവ ലഭിക്കുന്നില്ല. അതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. സിപ്പ് ലൈനുകളുടെ ലൈസൻസ് എടുപ്പിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല - ₹1,60,683/- തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല.

**1. വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ്.**

| | |
|---|---|
| പദ്ധതി നമ്പർ | 225/25 |
| അടങ്കൽ (₹) | 25,000/-<br>(വികസന ഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 25,000/- |
| ബിൽ റഫറൻസ് നമ്പർ/ തീയതി | 24101252013001675873/25.03.2025 |

സംസ്ഥാനത്ത് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള നേട്ടങ്ങളെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് മെഗാ ഇവന്റ് സംഘടിപ്പിക്കുന്നതിനായി 07.03.2025 – ലെ സ.ഉ.(സാധാ)നം.645/2025/ത.സ്വ.ഭ.വ. –ന്റെ അടിസ്ഥാനത്തിൽ മേൽ ബില്ല് പ്രകാരമുള്ള തുക ശുചിത്വമിഷന്റെ

വഴുതക്കാട് ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 0046104000272292 – ലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

**2. ഐ.കെ.എം.വിഹിതം നൽകൽ**

| | |
|---|---|
| പദ്ധതി നമ്പർ | 2/25 |
| അടങ്കൽ (₹) | 1,50,000/-<br>വികസനഫണ്ട് - പൊതുവിഭാഗം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 1,35,683/- |
| ബിൽ റഫറൻസ് നമ്പർ/ തീയതി | 241012520142015199953/13.03.2025 |

ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 57047023512 – നം. അക്കൗണ്ടിലേയ്ക്ക് ഒടുക്കിയ തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല.

കൈപ്പറ്റ് രസീതുകളുടെ അഭാവത്തിൽ, മേൽ രണ്ട് പദ്ധതികൾക്ക് ആകെ ചെലവഴിച്ച ₹1,60,683/- (₹25,000/- + ₹1,35,683/-)തടസ്സപ്പെടുത്തുന്നു.

## 1-15 തെരുവ് വിളക്ക് മെയിന്റനൻസ് - സാധനസാമഗ്രികൾ വാങ്ങിയതിൽ അപാകങ്ങൾ - ₹8,99,400/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 200/25, തെരുവ് വിളക്ക് മെയിന്റനൻസിന് സാധനസാമഗ്രികൾ വാങ്ങൽ |
| അടങ്കൽ (₹) | 9,00,000/-(വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 8,99,400/- |
| ബിൽ നമ്പർ/തീയതി/തുക (₹) | 24100352014201355014/20.02.2025/3,99,600/- |
| | 24100352014201612620/20.03.2025/4,99,800/- |

മേൽ പദ്ധതി പ്രകാരം, പഞ്ചായത്തിന്റെ 13 വാർഡുകളിലും തെരുവുവിളക്ക് സ്ഥാപിക്കുന്നതിനായി ജെം പോർട്ടൽ മുഖേന രണ്ട് സ്ഥാപനങ്ങളിൽ നിന്നായി 460 തെരുവുവിളക്കുകൾ വാങ്ങിയിരിക്കുന്നു. പ്രസ്തുത ഇനങ്ങൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആദ്യ ബിൽ പ്രകാരമുള്ള 222 തെരുവുവിളക്കുകൾ വിതരണം ചെയ്ത സ്ഥാപനമായ 'ഫീനിക്സ് ഗ്ലോബൽ സപ്ലൈയേഴ്സ് എറണാകുളം' നൽകിയ PGS-013/24-25 – നം.ഇൻവോയ്സിൽ 36 W LED STREET LIGHT എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം സ്ഥാപനമായ M/S MECH INDIA – യുടെ ടെണ്ടറിൽ 36 W LED STREET LIGHT എന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും നൽകിയ NV-96/21.03.2025 – നം. ഇൻവോയ്സിൽ വിതരണം ചെയ്ത ലൈറ്റിന്റെ വാട്ടേജ് രേഖപ്പെടുത്തിയിട്ടില്ല. രണ്ട് വാങ്ങലുകളിലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന ഇനം തന്നെയാണ് വിതരണം നടത്തിയിരിക്കുന്നു എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ വാങ്ങിയ 460 ലൈറ്റുകളും സ്റ്റോക്കിൽ എടുത്തിട്ടില്ല. ലൈറ്റുകൾ സ്ഥാപിച്ചത്

സംബന്ധിച്ച പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീയതി. 15.10.2025) മറുപടി നൽകിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹8,99,400/- (₹3,99,600/- + ₹4,99,800/-) – യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 സർക്കാരിന്റെ അനുമതി ഇല്ലാതെ ഗ്രീൻ ചെക്ക് പോസ്റ്റ് സ്ഥാപിച്ചു

പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി കോവിൽകടവ് എന്ന സ്ഥലത്ത് ഗ്രീൻ ചെക്ക് പോസ്റ്റ്, ഗാർഡ് റൂം, സ്റ്റാൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് 2022-2023 വർഷം ₹2,11,879/- – യും 2023-2024 വർഷം ₹1,77,668/- – യും ചേർത്ത് ആകെ രണ്ട് വർഷങ്ങളിലായി ₹3,89,547/- ചെലവഴിച്ചിട്ടുണ്ട്. 2024-2025 വർഷം പദ്ധതി നം.226/25, 'ഗ്രീൻ ചെക്ക് പോസ്റ്റിൽ ഇ-ടോയിലറ്റ് സ്ഥാപിക്കൽ' എന്ന പദ്ധതി പ്രകാരം, ₹1,60,000/- ചെലവഴിച്ച് ജെം പോർട്ടൽ മുഖേന ചെക്ക് പോസ്റ്റിൽ ഇ-ടോയിലറ്റ് വാങ്ങി സ്ഥാപിച്ചിരിക്കുന്നു. ഗ്രീൻ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം നടത്തുന്നത് ഹരിതകർമ്മസേന അംഗങ്ങളാണ്. പഞ്ചായത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ വാഹനങ്ങളിൽ നിന്നും ഫീസ് പിരിവ് നടത്തുന്നു. പ്രവേശനഫീസായി ചെറിയ വാഹനങ്ങളിൽ നിന്ന് ₹50/-, വലിയ വാഹനങ്ങളിൽ നിന്ന് ₹100/- എന്നീ നിരക്കുകളിൽ നിർബന്ധിതഫീസ് പിരിവ് നടത്തുന്നു. ലഭിക്കുന്ന തുക പൂർണ്ണമായി ബാങ്കിൽ നിക്ഷേപിച്ച് ആയതിൽ നിന്ന് 60 % ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ളതാണ്. 20 % തുക അനാമത്ത് ചെലവുകൾക്കും 20 % ഗ്രാമപ്പഞ്ചായത്തിനുമുള്ളതാണ്. ഗ്രീൻചെക്ക് പോസ്റ്റ് സ്ഥാപിച്ചതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന

വിശദാംശംങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.7/തീയതി. 14.10.2025) നൽകി.

1.ഗ്രീൻ ചെക്ക് പോസ്റ്റ് സ്ഥാപിച്ചതും വാഹനം തടഞ്ഞ് നിർത്തി ഫീസ് പിരിവ് നടത്തുന്നതും ഏതു നിയമത്തിന്റെ പിൻബലത്തോടെയാണ്.

2.പൊതുമരാമത്ത് റോഡിൽ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് വകുപ്പിന്റെ അനുമതി സംബന്ധിച്ച വിശദാംശങ്ങൾ.

3.ഫീസ് പിരിവ് നടത്തുന്നതിന് ബൈലോ തയ്യാറാക്കി സർക്കാരിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ?

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കുകയോ ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തില്ല. എങ്കിലും ചെക്ക് പോസ്റ്റ് സ്ഥാപിച്ചതോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്ത് പരിധിയിൽ മാലിന്യം വലിച്ചെറിയുന്നത് ഒരു പരിധി വരെ തടയാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിച്ചു.

ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ് ചെയ്യുന്നത്. 1/2025 മുതൽ പ്രവർത്തനമാരംഭിച്ച ചെക്ക് പോസ്റ്റ് നാളിതുവരെ 16 ലക്ഷത്തിലധികം രൂപ പിരിച്ചെടുത്തിരിക്കുന്നു. പഞ്ചായത്തിലേയ്ക്ക് തുകയൊന്നും തന്നെ കൈമാറിയിട്ടില്ല. ആവശ്യമായ അനുമതികളുടെ അടിസ്ഥാനത്തിൽ മാത്രം ചെക്ക് പോസ്റ്റ് പ്രവർത്തിപ്പിക്കുന്നതിനും പിരിവ് തുകയുടെ ഒടുക്ക്, വിനിയോഗം എന്നിവയുടെ കൃത്യമായ മോണിട്ടറിംഗ് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.



ഗ്രീൻ ചെക്ക് പോസ്റ്റ്

## 1-17 വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ വാങ്ങൽ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 189/2025, വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ, യു.പി.എസ്., പ്രിന്റർ വാങ്ങൽ |
| അടങ്കൽ (₹) | 3,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് (₹) | 2,86,758/- |
| ബിൽ നമ്പർ/തീയതി/തുക (₹) | 24100352010501348029/18.02.2025 |

പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകങ്ങൾ കാണുന്നു.

1.മേൽ ബില്ല് പ്രകാരം ജെം പോർട്ടൽ മുഖേന KM TECHNOLOGIES , KOTTAYAM എന്ന സ്ഥാപനത്തിൽ നിന്ന് ₹26,999/- യ്ക്ക് EPSON A4 AND LEGAL SIZE MONOCHROME (BLACK) INKJET FUNCTION MACHINE – ഉം ലെജൻഡറി ഡിസ്ട്രിബ്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് കടവന്ത്രയിൽ നിന്ന് ₹ 49,759/- യ്ക്ക് ACER

MIDLEVEL DESKTOP COMPUTER WITH WARRANTY 4 YEARS – ഉം വാങ്ങിയിട്ടുണ്ട്. മേൽ രണ്ട് ഇനങ്ങളും മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിലയുമായി കമ്പാരിസൺ നടത്താതെ ഒറ്റ സ്ഥാപനത്തിന്റെ വിലമാത്രം പരിഗണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. കമ്പ്യൂട്ടർ വാങ്ങിയതിന്റെ ഇൻവോയ്സ് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കൂടാതെ Hycon India Limited, Trissur – ൽ നിന്ന് HYCON ONLINE UPS Of Rating 5.0 KVA With Battery Of Backup Time 240 Minutes വാങ്ങിയിരിക്കുന്നു. കമ്പാരിസൺ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഇനം കൂടാതെ NUVAMAX Online UPS Of Rating 5.0 KVA With Battery Of Backup Time 240 Minutes, SUPRA Online UPS Of Rating 5.0 KVA With Battery Of Backup Time 240 Minutes എന്നീ ഇനങ്ങളുമായി താരതമ്യം ചെയ്തിരിക്കുന്നു. എന്നാൽ പ്രസ്തുത ഇനങ്ങളുടെ സ്പെസിഫിക്കേഷനുകൾ തമ്മിൽ താഴെ സൂചിപ്പിക്കുന്ന രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ITEM | HYCON ONLINE UPS | NUVAMAX Online UPS | SUPRA Online UPS |
|---|---|---|---|
| Battery Capacity (Ah) | 100 | 150 | 200 |
| Number Of Battery | 10 | 14 | 10 |

| | | | |
|---|---|---|---|
| After Sales Service | NA | With In 48 Hours | With In 48 Hours, Within 7 Days |
| Preventive Maintenance | NA | Quarterly | Yearly |
| Maximum Operating Temperature | 40 Degree | 50 Degree | 40 Degree |
| Relative Humidity | 85 % | 95 % | 90 % |
| ആകെ നിരക്ക് | 2,10,000 | 2,28,979 | 2,39,990 |

ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ തമ്മിലാണ് താരതമ്യം നടത്തേണ്ടത് എന്നിരിക്കെ വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി എന്ന കാരണത്തിൽ മാത്രം വാങ്ങൽ നടത്തിയിരിക്കുന്നു.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/തീയതി. 14.10.2025) മറുപടി ലഭ്യമാക്കിയില്ല. വാങ്ങൽ നടപടികൾ, കേരള ഫിനാഷ്യൽ കോഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ നടപടിക്രമങ്ങൾ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് നടത്താൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ - മോർഡിലെ സ്പെസിഫിക്കേഷൻ ഉപയോഗപ്പെടുത്താതിനാൽ അധികം ചെലവഴിച്ചു

A)

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 129/25, ചമ്പക്കാട് ഗവ.ട്രൈബൽ എൽ.പി. സ്കൂളിൽ ഇന്റർലോക്കും ചുറ്റുമതിലും |
| അടങ്കൽ (₹) | 4,90,000/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | ശ്രീ ബിജുമോൻ കെ.എ. |
| കരാർ നം. | 85/AE/LSGD/KGP/Dt.04.08.2023 |
| ചെലവ് (₹) | 4,89,099/- |
| ബിൽ നം./തീയതി | 24100352010301659853/24.03.2025 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 2 പ്രകാരം, 60 Mm Thick Factory Made Cement Concrete Interlocking Paver Block ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി (OD402224/2022-23) ₹10,22.79/M2 നിരക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തിക്ക് MORD Data 6.7.2 പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ₹859.68/M2 (Unit Total 529.32*WC-1 %* CPOH-15 %* CI - 39.83) പ്രൈസ് - ൽ ഉള്ളതാണ്.

MORD Data പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടത്തിയത് മൂലം അധികച്ചെലവുണ്ടായതിന്റെ വിശദവിവരം താഴെ നൽകുന്നു.

| Interlock ചെയ്ത അളവ് (Item 2) | Observed Data പ്രകാരം അനുവദിച്ച തുക (₹) | MORD Data 6.7.2 പ്രകാരം അനുവദിക്കാവുന്ന തുക (₹) | അധികം നൽകിയ തുക (₹) | GST(18 %) ഉൾപ്പെടെ അധികം നൽകിയ തുക (₹) |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 164.72 M2 | 1022.79/M2 | 859.68/M2 | 26,867 | 31,703 |

**B)**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 60/25, പെരുമല വെയിറ്റിംഗ് ഷെഡ് |
| അടങ്കൽ (₹) | 3,77,732/- (പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാർ നം. | 121/AE/LSGD/KGP/2024-25/Dt. 21.01.2025 |
| കരാറുകാരന്റെ പേര് | ശ്രീ സന്തോഷ് കുമാർ കെ. |
| ചെലവ് (₹) | 3,25,125/- |

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 2 പ്രകാരം, 60 Mm Thick Factory Made Cement Concrete Interlocking Paver Block ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി (OD 453377/2024-25) ₹1047.24/M2 നിരക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തിക്ക് MORD Data 6.7.2 പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ₹859.68/M2 (Unit Total 529.32*WC-1%* CPOH-15%* CI- 39.83) പ്രൈസ് - ൽ ഉള്ളതാണ്.

MORD Data പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടത്തിയത് മൂലം അധികച്ചെലവുണ്ടായതിന്റെ വിശദവിവരം താഴെ നൽകുന്നു.

| Interlock ചെയ്ത അളവ് (Item 2) | Observed Data പ്രകാരം അനുവദിച്ച തുക (₹) | MORD Data 6.7.2 പ്രകാരം അനുവദിക്കാവുന്ന തുക (₹) | അധികം നൽകിയ തുക (₹) | GST( @ 18 %) ഉൾപ്പെടെ അധികം നൽകിയ തുക (₹) |
|---|---|---|---|---|
| 19.96M2 | 1047.24/M2 | 859.68/M2 | 3,743.7 | 4,418 |

മേൽ രണ്ട് പ്രവർത്തികളിൽ ഒബ്സർവ്ഡ് ഡേറ്റ തുകകളിൽ തന്നെ ₹24/- – യുടെ വ്യത്യാസമുള്ളതിന്റെ കാരണം വ്യക്തമല്ല. മണൽ ഒഴിവാക്കി 6 Mm മെറ്റൽ ഉൾപ്പെടുത്തിയാണ് ഒബ്സർവ്ഡ് ഡേറ്റ തയ്യാറാക്കിയിരിക്കുന്നതെങ്കിലും അവയുടെ വിലയിൽ കാര്യമായ വ്യത്യാസമില്ല. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.14/തീയതി. 15.10.2025) മറുപടി നൽകിയില്ല. MORD Data നിലവിലുണ്ടായിരിക്കെ, ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കിയതുവഴി ഗ്രാമപ്പഞ്ചായത്തിന് അധികച്ചെലവ് (₹31,703 + ₹4,418 = ₹36,121) സംഭവിച്ചിരിക്കുന്നു. ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നോ തുക തുല്യമായി ഈടാക്കേണ്ടതാണ്.

സംസ്ഥാനത്ത് പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള റോഡ്, യാർഡ്, ഫുട്പാത്ത് പ്രവൃത്തികൾക്ക് 5 വർഷത്തിൽ കുറയാത്ത ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് (DLP ) ഉണ്ടായിരിക്കേണ്ടതാണെന്ന്

Finance (Inspection Wing – Technical ) Department - ന്റെ 06.04.2022 - ലെ 31/2022/Fin – നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ 5 വർഷ കാലാവധി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറിൽ ചേർത്തിട്ടില്ല. മേൽ പ്രവൃത്തികൾക്ക് 5 വർഷ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ജൽജീവൻ മിഷൻ - അവലോകനം

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 – ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ – സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്തപദ്ധതിയാണ് ജൽജീവൻ മിഷൻ. 08.06.2020 – ലെ സ.ഉ.(കൈ)നം.37/2020/ജ.വി.വ. – ഉത്തരവ് പ്രകാരമുള്ള പദ്ധതിയുടെ കേന്ദ്ര മാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്ര – സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണെന്നും ഗ്രാമപ്പഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതലയെന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമ പ്പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപനകമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിൽ ജൽജീവൻ മിഷന് അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10 % ഗുണഭോക്തൃവിഹിതവും 15 % ഗ്രാമപ്പഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ

ഉൾപ്പെടുത്തി പദ്ധതി 2020-2021 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഗ്രാമപ്പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള ജനവിഭാഗങ്ങൾക്ക്(ബി.പി.എൽ./എസ്.സി./എസ്.റ്റി./ഫിഷർമെൻ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ & സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

23.02.2022 – ലെ സ.ഉ.(സാധാ.നം.134/2022/ജ.വി.വ. പ്രകാരം, കാന്തല്ലൂർ ഗ്രാമപ്പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യേണ്ട ആകെ 2275 വീടുകൾക്കായി ₹3,639.56 ലക്ഷം ആണ് അടങ്കൽ കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ 15 % തുകയായ ₹545.93 ലക്ഷം പഞ്ചായത്തുവിഹിതമായി കണക്കാക്കിയിരിക്കുന്നു. എന്നാൽ പഞ്ചായത്ത് നാളിതുവരെ യാതൊരു തുകയും ഒടുക്കിയിട്ടില്ല. 2024-2025 വർഷം ₹10,00,000/- അടങ്കൽ വച്ച് പദ്ധതി ഏറ്റെടുത്തിരുന്നെങ്കിലും നടപ്പാക്കിയില്ല എന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചു.

## 1-20 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

**സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം**

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യകുടുംബക്ഷേമമന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

**സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം**

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

**സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ**

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

**സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.**

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ

കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യപിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

**സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.**

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

**സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.**

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

## 1. ഫണ്ട് വിശകലനം

കാന്തല്ലൂർ ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റുകളുടെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ (സ്കീം-3) Union Bank Of India Kanthallor - A/C No.42502010015202 | | | | | | |
|---|---|---|---|---|---|---|
| വർഷം | മുന്നിരിപ്പ് (₹) | ഗ്രാന്റ് (₹) | പലിശ (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
| 2021-2022 | 0 | 0 | 0 | 0 | 0 | 0 |
| 2022-2023 | 0 | 2,36,447 | 2,472 | 2,38,919 | 69,776 | 1,69,143 |
| 2023-2024 | 1,69,143 | 6,19,000 | 10,574 | 7,98,717 | 53,643 | 7,45,073 |

| | | | | | | |
|---|---|---|---|---|---|---|
| 2024-2025 | 745,073 | 2,59,000 | 20,984 | 10,25,057 | 7,14,752 | 3,10,305 |

ഹെൽത്ത് & വെൽനസ്സ് സെന്റർ
(സ്കീം-4) Union Bank Of India Kanthallor – A/C No.42502010015203

| വർഷം | മുന്നിരിപ്പ് | ഗ്രാന്റ് | പലിശ | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| 2021-2022 | 0 | 0 | 0 | 0 | 0 | 0 |
| 2022-2023 | 0 | 1,10,000 | 1,230 | 1,11,230 | 0 | 1,11,230 |
| 2023-2024 | 1,11,230 | 2,78,000 | 5,038 | 3,94,268 | 68,039 | 3,26,229 |
| 2024-2025 | 3,26,229 | 4,42,000 | 8,807 | 7,77,036 | 3 18 704 | 4 58 332 |

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവിവരം പ്രതിഫലിക്കുന്നുണ്ട്.

**2. ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ (2021-22 മുതൽ 2024-25 വരെ )**

| ക്രമ നം. | വർഷം | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| 1 | 2022-2023 | 177/22-23 | ആരോഗ്യസ്ഥാപനങ്ങളിലേക്ക് രോഗനിർണ്ണയസൗകര്യങ്ങൾ ഒരുക്കൽ | 2,36,447 | 69,776 |
| 2 | 2022-2023 | So 172/23-24 | ആരോഗ്യസ്ഥാപനങ്ങളിലേക്ക് രോഗനിർണ്ണയസൗകര്യങ്ങൾ ഒരുക്കൽ | 1,66,671 | 7,247 |
| 3 | 2024-2025 | So 207/24-25 | ആരോഗ്യസ്ഥാപനങ്ങളിലേക്ക് രോഗനിർണ്ണയസൗകര്യങ്ങൾ ഒരുക്കൽ | 1,59,424 | 1,59,415 |

| | | | | | |
|---|---|---|---|---|---|
| 4 | 2023-2024 | 179/23-24 | കാന്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രം ലാബിനാവശ്യമായ സാധനങ്ങൾ, ഫർണിച്ചർ, റീയേജന്റ്സ്, അനുബന്ധപ്രവർത്തനങ്ങളും ചെലവുകളും | 6,19,000 | 46,396 |
| 5 | 2024-2025 | So 208/24-25 | കാന്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രം ലാബിനാവശ്യമായ സാധനങ്ങൾ, ഫർണിച്ചർ, റീയേജന്റ്സ്, അനുബന്ധപ്രവർത്തനങ്ങളും ചെലവുകളും | 5,72,604 | 555,337 |
| 6 | 2024-2025 | 223/24-25 | ആരോഗ്യസ്ഥാപങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപെടുത്തൽ | 2,59,000 | 0 |

2024-2025 വർഷത്തെ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിചെലവ് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നുണ്ട്.

### 3. ഹെൽത്ത് ആൻഡ് വെൽനസ് വിഭാവനം ചെയ്ത പദ്ധതികൾ സ്കീം (4) ( 2021-2022 മുതൽ 2024-2025 വരെ)

| ക്രമ നമ്പർ | വർഷം | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| 1 | 2022-2023 | 178/22-23 | ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ | 1,10,000 | 0 |
| 2 | 2023-2024 | So 171/23-24 | ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ | 1,10,000 | 51,998 |
| 3 | 2024-2025 | So 206/24-25 | ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ | 58,002 | 58,002 |
| 4 | 2023-2024 | 180/23-24 | കാന്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രം – ഉപകേന്ദ്രങ്ങൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 2,78,000 | 16,039 |
| 5 | 2024-2025 | So 209/24-25 | കാന്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രം – ഉപകേന്ദ്രങ്ങൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 2,61,961 | 2,60,703 |
| 6 | 2023-2024 | 224/24-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ | 4,42,000 | 0 |

**4. ഹെൽത്ത് ഗ്രാന്റ് തുക അതാത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ വിശദീകരണം**

ഹെൽത്ത് ഗ്രാന്റ് തുക അതത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കി തുക പൂർണ്ണമായും ചെലവഴിച്ച് വരുന്നതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/ തീയതി. 13.10.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഫലപ്രാപ്തി, നിർദ്ദേശങ്ങൾ**

സ്കീം 3 മുഖേന ലാബ് ഉപകരണങ്ങൾ, റിയേജന്റുകൾ എന്നിവ വാങ്ങിയതുവഴി കുടുംബാരോഗ്യകേന്ദ്രത്തിലെ രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ ത.സ്വ.ഭ.വ., ഖണ്ഡിക നം.2.4 പ്രകാരം, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. ആരോഗ്യവർദ്ധകസേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. രോഗപ്രതിരോധപ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ
3. വാർഷികആരോഗ്യപരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. പ്രാഥമികരോഗചികിത്സാ സൗകര്യങ്ങൾ

5. ദീർഘകാലരോഗങ്ങൾ ഉള്ളവർക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

6. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

എന്നാൽ സ്കീം 4 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായവയല്ല.

ഹെൽത്ത് ഗ്രാന്റ് മുഖേന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 31.08.2022 – ലെ സ.ഉ.(സാധാ) നം.2132/2022/ ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിവിധ സ്കീമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്നവയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരം

**മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 12 | 48,500 | 48,500 | - | - |

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ) | | | | | |
|---|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) ( 07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 01 | 3,500 | 3,500 | ഇല്ല | 07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടില്ല. |

| മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ) | | | | | |
|---|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) 07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്ക്സ് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |

## <u>4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | വകയിരുത്തിയ തുക (₹) | പദ്ധതി നം./പദ്ധതിയുടെ പേര് | ചെലവ് (₹) |
|---|---|---|---|---|
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 12,50,0000 | 34/25, പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,80,000 |
| | 2024-2025 | 50,00,000 | 31/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - ടി.എസ്.പി. | 9,00,000 |
| | 2024-2025 | 75,00,000 | 30/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ്.സി.പി. | 27,47,000 |
| | 2024-2025 | 1,00,000 | 21/25, ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 5,300 |
| ഇടുക്കി ജില്ലാപ്പഞ്ചായത്ത് | 2024-2025 | 7,50,0000 | 31/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - ടി.എസ്.പി. | 2,70,000 |
| | 2024-2025 | 75,00,000 | 30/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ്.സി.പി. | 43,00,000 |
| | 2024-2025 | 10,00,000 | 35/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-5 വായ്പ/വായ്പയുടെ തിരിച്ചടവ്

ലൈഫ് ഭവനപദ്ധതിയുടെ വായ്പ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. 2024-2025 വർഷത്തെ യാതൊരു വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷികകണക്ക് പ്രകാരമുള്ള വായ്പകളുടെ വരവ്, തിരിച്ചടവ് നീക്കിയിരിപ്പുകൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ ത്തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | വാർഷിക കണക്ക് പ്രകാരം എടുത്ത വായ്പത്തുക (₹) | ആകെ അടയ്ക്കാനുള്ള വായ്പത്തുക (₹) | വാർഷിക കണക്ക് പ്രകാരം തിരിച്ചടച്ച തുക (₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (₹) |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം (KURDFC) | സ.ഉ.(കൈ.) നം.68/2018/ ത.സ്വ.ഭ.വ. തീയതി.18.05.2018 | ലഭ്യമല്ല | 10,71,96,104 | 1,61,17,456 | 12,33,13,560 | 1,02,46,068 | 11,30,67,492 |

വായ്പ രജിസ്റ്റർ യഥാവിധി പരിപാലിക്കാത്തതിനാൽ നാളിതുവരെ ആകെ എത്ര തുക വായ്പ എടുത്തിട്ടുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല. വായ്പ രജിസ്റ്റർ അടിന്തരമായി കാലികമാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപം

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1,150/- – യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക നം. | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 1,150 | ശ്രീമതി പ്രസന്നകുമാർ വി. | 1240100828/ 26.10.2024 |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക ഒടുക്കിയത് സംബന്ധിച്ച് മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | 9-1 | 1996-1997 | 3-3 | മസ്റ്റർറോൾ സൂക്ഷിക്കാതെ നോമിനൽ കൂലി നൽകിയത് | - |
| 2010-2011 | 2.14 | 2006-2007 | 3-12(1,2) | കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം – ഗ്രാമസഭ തിരഞ്ഞെടുക്കാത്തവർക്ക് ധനസഹായം ₹1,62,500/-, ₹3,75,000/- | - |
| 2010-2011 | 2.14 | 2006-2007 | 3-4 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം – ₹2,37,150/- | - |
| 2014-2015 | 4-1-4 മുതൽ അനുബന്ധം-4 വരെ | | | വിഷയാധിഷ്ഠിത അവലോകനം-കർഷകത്തൊഴിലാളി പെൻഷൻ | - |
| 2016-2017 | അനുബന്ധം-3 പേജ് നം.163 | 2014-2015 | 2-1 | വസ്തുനികുതി അപാകങ്ങൾ | - |
| 2016-2017 | അനുബന്ധം-5 പേജ് നം.204 | 2015-2016 | 2-2, 2-3 | തൊഴിൽ നികുതി അപാകങ്ങൾ | - |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

– ഇല്ല –

**(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

– ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്തവിവരം**

| | |
|---|---|
| മുന്നിരിപ്പ് (₹) | 5,38,60,358 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 6,76,84,416 |
| ആകെ (₹) | 12,15,44,774 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 5,04,76,395 |
| നീക്കിയിരിപ്പ് (₹) | 7,10,68,379 |
| (കുറിപ്പ്:-പഞ്ചായത്തിന്റെ 2024-2025 – ലെ റസീറ്റ് & പെയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 10,60,083 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | - |
| - | ഇല്ല | ഇല്ല | - |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,60,683 | ശ്രീ സുരേഷ് ബാബു ജി.എസ്., സെക്രട്ടറി |
| 1-15 | 8,99,400 | ശ്രീ സുരേഷ് ബാബു ജി.എസ്., സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുരേഷ് ബാബു ജി.എസ്. സെക്രട്ടറി | ലഭ്യമല്ല | സായിലജ്, ശ്രീകൃഷ്ണപുരം മലയിൽകീഴ് പി.ഒ. തിരുവനന്തപുരം ജില്ല, പിൻ – 695571 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.7/135/1998 തീയതി. 21.04.1998 | 26 | 3 എ, 4, 5, 6, 12, 14, 15(1), 15(2), 16 മുതൽ 33 വരെ |

| | | | |
|---|---|---|---|
| 1996-1997 | എൽ.എഫ്.ഐ.7/136/1998 തീയതി. 30.05.1998 | 13 | 29 മുതൽ 41 വരെ |
| 1997-1998 | എൽ.എഫ്.ഐ.9/957/2006 തീയതി. 08.04.2007 | 21 | 28 മുതൽ 48 വരെ |
| 1998-1999 | എൽ.എഫ്.ഐ.9/686/2002 തീയതി. 05.10.2002 | 9 | 23 മുതൽ 31 വരെ |
| 1999-2000 | എൽ.എഫ്.ഐ.9/564/2006 തീയതി. 06.12.2006 | 12 | 21 മുതൽ 33(2) വരെ |
| 2000-2001 | എൽ.എഫ്.ഐ.9/104/2003 തീയതി. 09.05.2003 | 8 | 23 മുതൽ 30 വരെ |
| 2001-2002 | എൽഎഫ്.ഐ.9/283/2004 തീയതി. 09.07.2004 | 2 | 2-2, 2-3 |
| 2002-2003 | എൽ.എഫ്.ഐ.9/297/2006 തീയതി. 04.12.2006 | 4 | 2-4, 3-1 മുതൽ 3-3 വരെ |
| 2003-2004 | എൽ.എഫ്.ഐ.9/779/2007 തീയതി. 31.12.2007 | 7 | 2-2, 2-3, 3-1 മുതൽ 3-5 വരെ |
| 2004-2005 | എൽ.എഫ്.ഐ.9/780/2007 തീയതി. 31.12.2007 | 3 | 2-1, 2-4, 3-1 |
| 2005-2006 | എൽ.എഫ്.ഐ.9/1049/2009 തീയതി. 11.11.2009 | 10 | 2-2, 2-3, 3-1 മുതൽ 3-8 വരെ |
| 2006-2007 | എൽ.എഫ്.ഐ.9/740/2010 തീയതി. 27.09.2010 | 16 | 2-1 മുതൽ 2-8 വരെ 3-1 മുതൽ 3-8 വരെ |
| 2007-2008 | എൽ.എഫ്.ഐ.14/1141/2011 തീയതി. 11.11.2011/31.01.2012 | 23 | 2-1, 2-2, 2-7 മുതൽ 2-12 വരെ 3-1 മുതൽ 3-15 വരെ |
| 2008-2009 | എൽ.എഫ്.ഐ.9/1006/2011 തീയതി. 19.05.2014 | 25 | 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-18 വരെ |
| 2009-2010 | എൽ.എഫ്.ഐ.9/1007/2011 തീയതി. 05.06.2011 | 22 | 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-15 വരെ |
| 2010-2011 | എൽ.എഫ്.ഐ.14/1215/2013 തീയതി. 05.12.2014 | 17 | 2-1 മുതൽ 2-3വരെ 3-1 മുതൽ 3-14 വരെ |

| | | | |
|---|---|---|---|
| 2011-2012 | | | |
| 2012-2013 | എൽ.എഫ്.ഐ.14/292/2015 തീയതി. 01.04.2015 | 10 | 2-1, 2-2, 3-1 മുതൽ 3-4 വരെ, 3-6 മുതൽ 3-9 വരെ |
| 2013-2014 | | | |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.14/158/2017 തീയതി. 04.04.2017 | 11 | 2-2, 2-3, 3-1 മുതൽ 3-4 വരെ, 3-6, 3-8 മുതൽ 3-11 വരെ |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ.6/1120/2017 തീയതി. 01.03.2018 | 10 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-6 വരെ |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ.6/1447/2017 തീയതി. 21.10.2017 | 12 | 2-1, 3-1 മുതൽ 3-6 വരെ 3-8 മുതൽ 3-11 വരെ |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ.6/54/2019 തീയതി. 14.02.2019 | 14 | 1-10, 1-12, 2-1, 2-2, 3-2, 3-4 മുതൽ 3-10 വരെയും 3-12, 4-7, 4-8 |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ.6/287/2020 തീയതി. 06.05.2020/11.06.2020 | 15 | 1-11 മുതൽ 1-24 വരെ, 2-1, 4-11 |
| 2019-2020 | കെ.എസ്.എ.ഐ.ഡി.കെ.13/343/2021 തീയതി. 15.04.2021 | 23 | 1-9 മുതൽ 1-31 വരെ |
| 2020-2021 | കെ.എസ്.എ.ഐ.ഡി.കെ.13/576/2022 തീയതി. 26.05.2022 | 23 | 1-9 മുതൽ 1-31 വരെ |
| 2021-2022 | കെ.എസ്.എ.ഐ.ഡി.കെ.പി.5/235/2023 തീയതി. 11.04.2023 | 8 | 1-9, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-21 |
| 2022-2023 | കെ.എസ്.എ.ഐ.ഡി.കെ.പി.5/473/2024 തീയതി. 27.08.2024 | 29 | 1-1-2, 1-1-3, 1-1-5, 1-10 മുതൽ 1-13 വരെ 1-15, 1-16, 1-19, 1-20, 1-23 മുതൽ 3-1 വരെ 4-2, 4-7, 4-10 |
| 2023-2024 | കെ.എസ്.എ.ഐ.ഡി.കെ.പി.5/1050/2024 തീയതി. 21.11.2024 | 27 | 1-9 മുതൽ 1-35 വരെ |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 28-07-2025 and submitted on 02-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kanthalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the

Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kanthalloor Grama Panchayat as on 31-03-2025

**Date: 04/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanthalloor Grama Panchayat for the Year 2024-2025.

### 1.Major Observations

1) Non inclusion of notes to accounts in Financial Statements and non disclosure of material facts.

### 2.Other Observations

1) Cashflow statement- Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2) Verificcation of value of assets owned by Grama Panchayat is not possible due to lack of authenticated documents. Asset Register is not updated.
3) Lack of authenticated journal vauchers for supporting the adjustment entries recorded in Prior Period items and Depreciation etc. in Income and Expenditure statement.
4) Demand, Collection, Balance statement is not recorded in Profession tax register, Licence register and rent register.
5) Lapses in making timely and accurate demand entries in respect of tax and non tax revenue.

6) Lack of authenticity about the figure noted under the head *Specific Purpose Grant* in B4 Schedule of Balance sheet.
7) Capital work in progress amount is inaccurate.
8) Advance register, Deposit register, Loan register are not reliable for audit as they are not certified by the authorities

9) Deposits and advances are not being adjusted in a timely manner.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്